തിയതി : **01/01/2020**

ഫയൽ നം : എം.ഐ.റ്റി-5/33/2018-ടി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം. 19 /2019**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ജി.പി.എസ് സംവിധാനം വാഹനങ്ങളിൽ നടപ്പിലാക്കുന്നത് - ഓഫീസുകളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്. സംബന്ധിച്ച്

പരാമർശം :- 1. 28.11.2016-ലെ റോഡ് ഗതാഗത മന്ത്രാലയം, കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം നം. 1095 (ഇ)

2. 15.11.2017-ലെ ഗതാഗത വകുപ്പ്, കേരള സർക്കാരിന്റെ ഉത്തരവ് നം. G.O. (P) No. 27/2017/Trans

സൂചനകൾ പ്രകാരം റോഡ് സുരക്ഷാ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ, സ്കൂൾ ബസ്സുകൾ, വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന മറ്റ വാഹനങ്ങൾ എന്നിവയിൽ ജി .പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങളുടെ ട്രാഫിക്ക് കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുവാനും , വാഹനനങ്ങളിൽ യാത്ര ചെയ്യുന്ന സ്ത്രീകൾ , കുട്ടികൾ എന്നിവരുടെ സുരക്ഷ ഉറപ്പാക്കുവാനും, അപകടത്തിൽപ്പെടുന്ന വാഹനങ്ങൾക്ക് സഹായം കാലതാമസം കൂടാതെ ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് . ഈ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

1. സംസ്ഥാനത്ത് ജി.പി.എസ് പദ്ധതിയുടെ നോഡൽ ഓഫീസറായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്), തിരുവനന്തപുരത്തിനെ നിയമിച്ചിരിക്കുന്നു. നോഡൽ ഓഫീസറുടെ ചുമതലകൾ ഈ ഓഫീസിലെ 13.12.2019-ലെ നടപടിക്രമ നം എം.ഐ.റ്റി-5/33/2018-ടി.സി യിൽ പ്രതിപാദിച്ചിട്ടുണ്ട്.

2. ജില്ലകളിലെ ജി .പി.എസ് സംവിധാനങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് അതാത് ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്) നെ നോഡൽ ഓഫീസർമാരായി നിയമിക്കുന്നു.

3. ഓഫീസുകളിലെ ജി .പി.എസ് സംവിധാനങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് അതാത് ഓഫീസിലെ ഒരു മോട്ടോർ വെഹിക്കൾ ഇൻസ്പെക്ടറെ ഓഫീസ് തലവൻ നിയമിക്കേണ്ടതാണ്.

4. Vehicle Location Tracking Device ഘടിപ്പിച്ച വാഹനങ്ങൾ Suraksha-Mitr സംവിധാനത്തിൽ കൂടി ഓഫീസുകളിൽ അംഗീകാരം നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കാരണം ഈ വാഹനങ്ങളുടെ ഗതിവിവരങ്ങൾ കൺട്രോൾ റൂമുകളിൽ നിരീക്ഷിക്കുവാൻ സാധിക്കാതെ വരുന്നു. ആയതിനാൽ VLTD ഘടിപ്പിച്ച വാഹനങ്ങൾ കാലതാമസം കൂടാതെ അംഗീകരിക്കേണ്ടതാണ്.

a). പുതിയ വാഹനങ്ങൾ, രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ Suraksha-Mitr സംവിധാനത്തിൽ കൂടി പരിശോധന ഉദ്യോഗസ്ഥൻ VLTD അംഗീകരിക്കുകയും വകുപ്പ് അംഗീകരിച്ച ഏജൻസി നൽകുന്ന സർട്ടിഫിക്കറ്റ് ഒപ്പിട്ട് രജിസ്ട്രേഷൻ രേഖകൾക്കൊപ്പം ഓഫീസിൽ നൽകേണ്ടതാണ്.

b. പഴയ വാഹനങ്ങളിൽ സമയബന്ധിതമായി VLTD ഘടിപ്പിക്കുന്നതിന് G.O. (P) No. 41/2019/Tran dated 26.11.2019 പ്രകാരം സർക്കാർ

ഉത്തരവ് നൽകിയിട്ടുണ്ട്. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള അവസാന തീയതിയ്ക്ക മുൻപായി ഈ വാഹനങ്ങളിൽ വകുപ്പ് അംഗീകൃത ഏജൻസികളിൽ നിന്നും VLTD ഘടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധന നടത്തേണ്ടതും ഇത് ഘടിപ്പിക്കാത്ത വാഹന ഉടമകൾക്ക് എത്രയും വേഗം VLTD ഘടിപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതുമാണ്. VLTD ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ.

5. സ്കൂൾ വാഹനങ്ങളിൽ നിർബന്ധമായും VLTD ഘടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഇത് ഘടിപ്പിക്കാത്ത വാഹനങ്ങളുടെ സ്കൂൾ അധികൃതർക്ക് കാലതാമസം കൂടാതെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

6. വാഹന പരിശോധന സമയത്ത് പരിശോധന ഉദ്യോഗസ്ഥർ VLTD കളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഇല്ലായെങ്കിൽ മേൽ നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7. VLTD കൾ വിൽക്കുന്ന ഏജൻസികൾക്ക് Suraksha-Mitr സംവിധാനത്തിൽ കൂടി അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകാരത്തിനുള്ള ഏജൻസികളുടെ അപേക്ഷ ലഭിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ഇവയ്ക്ക് അംഗീകാരം നൽകേണ്ടതാണ്.

8. സംസ്ഥാന തലത്തിലുള്ള ജി .പി.എസ് സംവിധാനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കുന്നതിനുമായി ഹെഡ്സ് ഓഫീസിൽ ഒരു Master Control Room പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നിർവ്വഹിക്കേണ്ട ചുമതലകൾ 13.12.2019 ലെ എം.ഐ.റ്റി-5/33/2018-ടി.സി എന്ന നടപടിക്രമം പ്രകാരം നോഡൽ ഓഫീസർ പാലിക്കേണ്ടതാണ്.

9. ജില്ലാ അടിസ്ഥാനത്തിൽ ജി.പി.എസ് സംവിധാനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും Mini Control Room കൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ചുമതല ജില്ലാ നോഡൽ ഓഫീസർക്കായിരിക്കും . അതാത് ജില്ലകളിൽ ഓടുന്ന വാഹനങ്ങളുടെ നിരീക്ഷണം ഇതു വഴി നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10.Master Control Room, Mini Control Room, ജി.പി.എസ് മുഖേനയുള്ള വാഹന നിരീക്ഷണം എന്നിവയുടെ മൊത്തത്തിലുള്ള നിയന്ത്രണം ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷ്ണർ (എൻഫോഴ്സമെന്റ്) ആയിരിക്കും. എൻഫോഴ്സമെന്റുമായി ബന്ധപ്പെട്ട വിവിധ റിപ്പോർട്ടുകൾ കൈകാര്യം ചെയ്യുന്നതും , ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും ഹെഡ്സ് ഓഫീസിലെ എൻഫോഴ്സമെന്റ് വിഭാഗത്തിന്റെ ചുമതലയായിരിക്കും.

11.ഈ ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷ്ണർമാർ ജില്ലാ നോഡൽ ഓഫീസർമാർ മുഖേന ശേഖരിച്ച് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷ്ണർ (എൻഫോഴ്സമെന്റ്) ന് സമർപ്പിക്കേണ്ടതാണ്.

12.മേൽ റിപ്പോർട്ടുകളും ജി.പി.എസ് മുഖേനയുള്ള വാഹന നിരീക്ഷണങ്ങളുടെ കാര്യക്ഷമത, കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ എന്നിവ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷ്ണർമാരുടെയും ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെയും പ്രതിമാസ യോഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

<u>സമർപ്പിക്കേണ്ട പ്രതിമാസ റിപ്പോർട്ടുകൾ</u>

(എ) അംഗീകരിച്ച ഏജൻസികളുടെ വിവരം :- ഇതുമായി ബന്ധപ്പെട്ട അനന്തര നടപടികൾ ഹെഡ്സ് ഓഫീസിലെ എം .ഐ.റ്റി-5 വിഭാഗം കൈകാര്യം ചെയ്യേണ്ടതാണ്.

| LIST OF FRANCHISEES |
| --- |

| **Name of Office:** | | | | **Month:** | | |
|---|---|---|---|---|---|---|
| Sl.No | Name & Address of Franchisee | Name of Vendor | Date of Application | Date of Inspection | Date of Approval | Reason if pending |
| | | | | | | |
| | | | | | | |

(ബി) സുരക്ഷാ-മിത്ര വഴി അംഗീകരിച്ച വാഹനങ്ങളുടെ വിവരം : – ഇതുമായി ബന്ധപ്പെട്ട അനന്തര നടപടികൾ ഹെഡ്ഡ് ഓഫീസിലെ എം .ഐ.റ്റി–5 വിഭാഗം കൈകാര്യം ചെയ്യേണ്ടതാണ്.

| **LIST OF VLTD APPROVED VEHICLES** | | | | | | |
|---|---|---|---|---|---|---|
| **Name of Office:** | | | | **Month:** | | |
| Sl.No | Class of Vehicle | Number of vehicles | | | | Remarks |
| | | VLTD installed | VLTD approved | Pending | Notice issued | |
| | | | | | | |

(സി) വാഹന പരിശോധന റിപ്പോർട്ട്: – ഇതുമായി ബന്ധപ്പെട്ട അനന്തര നടപടികൾ ഹെഡ്ഡ് ഓഫീസിലെ എൻഫോഴ്സ്മെന്റ് വിഭാഗം കൈകാര്യം ചെയ്യേണ്ടതാണ്.

| **VLTD CHECKING DETAILS** | | | | | | |
|---|---|---|---|---|---|---|
| **Name of Office:** | | | | **Month:** | | |
| Sl.No | Class of Vehicle | No of vehicles checked | No of VLTD fitted vehicles | No of vehicles VLTD not working | No of vehicles not fitted with VLTD | Remarks |
| | | | | | | |
| | | | | | | |

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by R SREELEKHA
Date: 2020.01.01 13:31:27 IST
Reason: Approved

**R. SREELEKHA IPS**
**TRANSPORT COMMISSIONER**

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും – ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2 സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)